Document 2026/99276/1 - General - File No. 2026/33758/1
Approved by Dean Student Affairs on 2026-11-17 14:11:24
Digitally approved document; signature not required.
http://www.kuhs.ac.in
sZCeN - vFE - oqFH - MncI

KERALA UNIVERSITY OF HEALTH SCIENCES

THRISSUR - 680 596

PHONE: 0487 - 2207650, 2207664 FAX: 0487 - 2206770

വിദ്യാർത്ഥികാര്യ ഡീനിന്റെ കാര്യാലയം

No : 31222/DSA-A1/KUHS/2026 Date : 17-11-2026

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അഫിലിയേറ്റഡ് സ്വകാര്യ, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിൽ നിന്നും KUHS സ്റ്റുഡന്റസ് യൂണിയൻ ജനറൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് 2026-27

തിരഞ്ഞെടുപ്പ് വിജ്ഞാപനം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ 2026-27 ജനറൽ കൗൺസിലിലേക്ക് പ്രൈവറ്റ് സ്വാശ്രയ അൺ എയ്ഡഡ് കോളേജുകളിൽ നിന്നും പത്ത് അംഗങ്ങളെ (വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഉൾപ്പെടെ) 2010 ലെ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ അദ്ധ്യായം VI വകുപ്പ് 48 ഉപവകുപ്പ് 3 (v) പ്രകാരവും, സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പാർട്ട് സി, ലിൻഡോ കമ്മിറ്റി നിർദ്ദേശങ്ങൾ അനുസരിച്ചും രഹസ്യ ബാലറ്റ് മുഖേന തിരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	തസ്തികകൾ	തസ്തികകളുടെ എണ്ണം
1.	Member-Modern Medicine (General)	One
2.	Member-Dental Science (General)	One
3.	Member- Indian Systems of Medicine (General)	One
4.	Member-Nursing (General)	One
5.	Member-Nursing- Women (Reserved) - I	One
6.	Member-Nursing- Women (Reserved) - ll	One
7.	Member-Pharmacy (General)	One
8.	Member-Pharmacy –Women (Reserved)	One

KUHS, Thrissur

Digitally approved document; signature not required.
Document 2026/99276/1 - General - File No. 2026/33758/1
Approved by Dean Student Affairs on 2026-11-17 14:11:24
http://www.kuhs.ac.in
sZCeN - vFE - oqFH - MncI

9.	Member-Other than the subjects or disciplines mentioned above (General)	One
10.	Member-Other than the subjects or disciplines mentioned above - Women (Reserved)	One
	Total number of Posts	Ten

13-11-2026 ൽ പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ (Final Electoral Roll) ഉൾപ്പെട്ട അംഗങ്ങൾക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ . ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തിയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായി തീരുന്നതാണ്. വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ലും നോട്ടീസ് ബോർഡിലും പരിശോധിക്കാവുന്നതാണ്.

നാമനിർദ്ദേശ പത്രിക ഫോറവും, നിർദേശങ്ങളും, യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ്. നാമനിർദേശ പത്രികകൾ 23-11-2026, 03.00 PM വരെ യൂണിവേഴ്സിറ്റിയുടെ രണ്ടാം നിലയിൽ റിട്ടേർണിംഗ് ഓഫീസറുടെ മുറിയിൽ പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ് . നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്ത് " കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ ജനറൽ കൗൺസിലിലേക്ക്, പ്രൈവറ്റ്, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിലെ യു .യു.സി കളിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ നാമ നിർദേശക പത്രിക " എന്ന് എഴുതിയിരിക്കേണ്ടതാണ്. തപാൽ മുഖേന ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതല്ല. സ്ഥാനാർത്ഥിക്കും സ്ഥാനാർഥി നിർദിഷ്ട അപേക്ഷഫോമിൽ ചുമതലപ്പെടുത്തിയ, വോട്ടർ പട്ടികയിൽ പേരുള്ള ഒരു പ്രതിനിധിക്കും വരണാധികാരിയുടെ അംഗീകാരത്തോടു കൂടി നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

തിരഞ്ഞെടുപ്പ് കാര്യ പരിപാടി

1	നാമ നിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന തിയതിയും സമയവും	23-11-2026, 3.00 PM വരെ
2	നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തിയതിയും സമയവും	23-11-2026, 3.45 PM
3	സാധുവായ നാമ നിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി	24-11-2026, 11.00 AM

4	സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയതിയും സമയവും	24-11-2026, 3.00 PM വരെ
5	മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി	24-11-2026, 4.00 PM
6	തിരഞ്ഞെടുപ്പ് തിയതിയും സമയവും സ്ഥലവും	28-11-2026, 10.30 AM മുതൽ 1.30 PM വരെ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാനത്തെ ഇവാലുവേഷൻ സെന്റർ,മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
7	വോട്ടെണ്ണൽ നടത്തുന്ന തിയതിയും സമയവും	28-11-2026, 2.30 PM മുതൽ
8	ഫല പ്രഖ്യാപനം നടത്തുന്ന തിയതി	28-11-2026, വോട്ടെണ്ണൽ കഴിഞ്ഞാലുടൻ

ഡീൻ (സ്റ്റുഡൻറ് അഫയേഴ്സ്) & റിട്ടേണിങ്ങ് ഓഫീസർ

തൃശ്ശൂർ

16-11-2026

ഉള്ളടക്കം:- നാമനിർദ്ദേശ പത്രിക, നിർദ്ദേശങ്ങൾ, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അപേക്ഷ.

Digitally approved document; signature not required.
Document 2026/99276/1 - General - File No. 2026/33758/1
Approved by Dean Student Affairs on 2026-11-17 14:11:24
http://www.kuhs.ac.in
sZCeN - vFE - oqFH - MncI
KUHS, Thrissur